കോഴിക്കോട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർമാരുടെ ഒഴിവുകളും മുദ്രപത്രങ്ങളുടെ ലഭ്യതയും

256(596) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്നും എവിടെയൊക്കെയാണ് ഒഴിവുകളെന്നും എത്രപേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) 10, 20, 50 രൂപയുടെ മുദ്രപത്രങ്ങൾ കിട്ടാനില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) പതിനേഴ് സ്റ്റാമ്പ് വെണ്ടർമാരുടെ ഒഴിവുകളാണുള്ളത്.

	ഒഴിവുകൾ ഉള്ള സ്ഥലങ്ങൾ	
1	സബ്ട്രഷറി, ഫറോക്ക്	3
2	എ.എസ്.ടി. കോഴിക്കോട്	2
3	സബ് ട്രഷറി, പേരാമ്പ്ര	2
4	സബ്ട്രഷറി, പയ്യോളി	1
5	സബ്ട്രഷറി,കൊയിലാണ്ടി	1
6	ജില്ലാട്രഷറി, കോഴിക്കോട്	1
7	ജില്ലാ ട്രഷറി, താമരശ്ശേരി	2
8	സബ്ട്രഷറി, കൊടുവള്ളി	1
9	സബ്ട്രഷറി,ബാലുശ്ശേരി	1
10	സബ്ട്രഷറി, വടകര	3

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ലീഗൽ സർവ്വീസസ് അതോറിറ്റി

257(597) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അതോറിറ്റികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസ്സുകൾക്ക് അന്തിമതീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതി കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly